കേരള സർക്കാർ

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.13)2176/17

തീയതി – 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തപരിശോധനാഫലമായുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)
.

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.13)2176/17

തീയതി – 29.11.2017

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 29.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമാക്കിയ മറുപടികൾ പരിഗണിക്കുകയും ചെയ്തതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിജയകുമാർ.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.09.2017 മുതൽ 09.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷേർലി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഹരീഷ് ബാബു.എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ബെന്നി സെബാസ്റ്റ്യൻ | സീനിയർ ഗ്രേഡ്ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ എം പി ലോനപ്പൻ | 01.04.2016 | 31.03.2017 |

| സെക്രട്ടറി | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീമതി പി രാജലക്ഷ്മി | 01.04.2016 | 31.03.2017 |

.

### നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ടി. എസ് പ്രസാദ് | 01.04.2016 | 31.12.2016 |

| | | | |
|---|---|---|---|
| | ഒഴിവ് | 01.12.2016 | 11.01.2017 |
| | ശ്രീമതി വിൻസി മോൾ ലൂക്കോസ് | 12.01.2017 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. സിന്ധു | 01.04.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ദിവ്യ എ എസ് | 01.04.2016 | 07.09.2016 |
| | ശ്രീമതി ബീന കെ എസ് | 08.09.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീ ബോബൻ പോൾ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ബിനോ സേവ്യർ | 01.04.2016 | 31.03.2017 |
| അസിസ്ററന്റ് എഞ്ചിനീയർ | ശ്രീ എ ഒ തോമസ് | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ. ഹെന കൃഷ്ണ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കാഞ്ഞൂർ | ശ്രീ ഹർഷാദ് വി കെ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാറപ്പുറം | ശ്രീ ഹർഷാദ് വി കെ | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാവിവരം | 2-1 |
| 15 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത | 2-2 |
| 16 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി നഷ്ടം 21620/- | 2-3 |
| 17 | ഡി&ഒ ലൈസൻസ്സ് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 18 | അധിക തുക നൽകിയത് സംബന്ധിച്ച് | 3-1 |
| 19 | അവശ്യരേഖകൾ ഇല്ലാതെ വീട് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചു | 3-2 |
| 20 | പച്ചക്കറി കൃഷി - ഗ്രോ ബാഗ് വിതരണം ന്യൂനതകൾ | 3-3 |
| 21 | പശുവളർത്തൽ-പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-4 |

| | | |
|---|---|---|
| 22 | വനിതകൾക്ക് ആട്ടിൻ കട്ടി വിതരണം-പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-5 |
| 23 | നെൽകൃഷി വികസനം-സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് | 3-6 |
| 24 | സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-7 |
| 25 | അങ്കണവാടികളിൽ വിതരണം ചെയ്ത ഭക്ഷ്യമിശ്രിതം ഗുണ നിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല | 3-8 |
| 26 | പൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം തനത്ഫണ്ടിൽ ശേഷിക്കുന്നു. | 3-9 |
| 27 | ഭവന നിർമ്മാണം പൂർത്തീകരിക്കാതെ തുക നൽകി | 3-10 |
| 28 | മുഴുവൻ തുകയുടെയും മരുന്ന് ലഭിച്ചിട്ടില്ല. | 3-11 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-12 |
| 30 | പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങി നൽകിയതിലെ അപാകതകൾ | 3-13 |
| 31 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച് | 3-14 |
| 32 | നിഷ്ക്രിയമായി ഉടരുന്ന പകൽ വീടുകൾ | 3-15 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 44 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 45 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.16-ാം തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 96458037 | 96437895 |
| വാർഷിക കണക്കുകൾ പ്രകാരം | 35427827 | 31426734 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ ലഭിച്ച 4.55 കോടി രൂപയുടെ വരവുചെലവുകൾ മേൽ കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള വരവുചെലവുകൾ നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത

വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 28.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകളിലെ ന്യൂനതകൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7384713 |
| വരവ് | 35427827 |
| ആകെ | 42812540 |
| ചെലവ് | 31426734 |
| നീക്കിയിരിപ്പ് | 11385806 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 6364877 |

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുക കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ചെലവ് | ചെലവഴി ക്കാതെ ബാക്കി യായ തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 7600826 | 6377408 | 1223418 | 84 |
| വികസന ഫണ്ട് എസ്.സി.പി | 0 | 3195381 | 427757 | 2767624 | 13.38 |
| വികസന ഫണ്ട് ടി.എസ്,പി | 0 | 61632 | 0 | 61632 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 15255843 | 2400865 | 12854978 | 15.73 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 0 | 2554755 | 1534305 | 1020450 | 60.05 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4262387 | 1783887 | 2478500 | 41.85 |
| പെർഫോർമസ്ഗ്രാന്റ് (ലോകബാങ്ക്) | 0 | 2239612 | 494912 | 1744700 | 22.09 |
| എം.എൻ.ആർ.ജി. ഇ.എസ് | 419 | 12172852 | 12123914 | 49357 | 99.95 |
| ബി ഫണ്ട് | 0 | 33341000 | 33341000 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 176 | 48337062 | 73 | 15865711 | 103 | 41.47 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം തനതു വരുമാനത്തിൽ താഴെപറയുന്ന പ്രകാരം 41.68% വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3464902 | 4943143 | 1478241 | (+)42.66 |
| നികുതിയേതര വരവുകൾ | 799024 | 528723 | 27031 | (-)33.82 |
| മറ്റ് വരവുകൾ | 46949 | 95522 | 48573 | (+)103.45 |
| ആകെ | 4310875 | 5567388 | 1797115 | (+)41.68 |

പഞ്ചായത്തിന്റെ ആകെ വരുമാനത്തിൽ 41.68% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2016-17 | 504 | 4348560 |
| വിധവാപെൻഷൻ | 2016-17 | 1199 | 7607800 |
| വാർദ്ധക്യകാലപെൻഷൻ | 2016-17 | 3359 | 18596455 |
| വികലാംഗപെൻഷൻ | 2016-17 | 363 | 2127825 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2016-17 | 84 | 570840 |
| തൊഴിൽ രഹിത വേതനം | 2016-17 | 172 | 29520 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2016-17 | 02 | 60000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2017 3മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 7881/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുമ്പോൾ വിവരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുബന്ധം ജെ മാതൃകയിൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുകയോ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്യുന്നില്ല.

മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്വർ (MOP) ഖണ്ഡിക 21 നിഷ്കർഷിക്കും പ്രകാരം ഉള്ള തൻപതിവേട് (Personal Register) കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. എല്ലാ മാസവും സെക്ഷൻ സൂപ്രണ്ട്/ഹെഡ്ക്ലർക്കും മൂന്ന് മാസം കൂടുമ്പോൾ ഓഫീസ് തലവനും തൻപതിവേട് പരിശോധിക്കണം എന്ന വ്യവസ്ഥ ഒരിക്കൽ പോലും പാലിച്ചിട്ടില്ല. റിമൈന്റർ ഡയറി, അരിയർ ലിസ്റ്റ് മുതലായവയും സൂക്ഷിക്കപ്പെടുന്നില്ല. ഏതൊക്കെ ഫയലുകൾ തീർപ്പായി എന്നോ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നോ ഉള്ള വിവരങ്ങളൊന്നും ഈ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച എം.ഒ.പി വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല. റിക്കാർഡുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി റിക്കാർഡ് കീപ്പറുടെ ചുമതല ആരെയും ഏൽപ്പിച്ചിട്ടില്ല. കൃത്യമായ ജോലി വിഭജനം നടത്തി സെക്രട്ടറി ചുമതലകൾ കൈമാറിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച പ്രസിഡന്റും സെക്രട്ടറിയും നടത്തേണ്ട കാലിക പരിശോധനകൾ നടക്കുന്നില്ല, ഇത് സംബന്ധിച്ച അവലോകന യോഗങ്ങളും കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി സെക്രട്ടറി പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥ നിയന്ത്രണ ) ചട്ടങ്ങൾ അനുശാസിക്കുന്ന അധികാരങ്ങൾ പ്രസിഡന്റ് ഉപയോഗിക്കുകയോ അത് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പ്രവർത്തനങ്ങൾ നിറവേറ്റുകയോ ചെയ്തിട്ടില്ല. ഗ്രാമസഭകളിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കണം എന്ന വ്യവസ്ഥ നടപ്പാകുന്നില്ല. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം കർമ്മസമിതികളും നിർവ്വഹിക്കുന്നില്ല. ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 23.07.17 | ആഗസ്റ്റ്-2017 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009-10മുതൽ 2013-14 വരെ | 02.06.2015 |

## 1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 300 | 8 | 2401 | 2709 | 755 | 755 | 4681 | 0 | 21103 | 25784 | 17 |

## 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ നൽകിയ എൻക്വയറിയുടെ (നം.8/17)അടിസ്ഥാനത്തിൽ 550/-രൂപ തൊഴിൽ നികുതി അടവാക്കുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമനം. | ഇനം | തുക | രശീതിനം./തീയ്യതി |
|---|---|---|---|
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി | 250 | 117070101770/ 4/10/2017 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതി | 50 | 117070101776/ 4/10/2017 |
| 3 | ജീവനക്കാരുടെ തൊഴിൽ നികുതി | 250 | 117070101778/ 4/10/2017 |
| | | ആകെ 550 | |

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത

കാഞ്ഞൂർഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഏത് അർദ്ധ വർഷം |
|---|---|
| കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ അങ്കമാലി | രണ്ട് അർദ്ധ വർഷവും |
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ അങ്കമാലി | രണ്ട് അർദ്ധ വർഷവും |
| Plast craft Industries കാഞ്ഞൂർ | രണ്ട് അർദ്ധ വർഷവും |
| മുത്തൂറ്റ് ഫിനാൻസ് കാഞ്ഞൂർ | രണ്ട് അർദ്ധ വർഷവും |
| കാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | രണ്ട് അർദ്ധ വർഷവും |
| വിമല ഹോസ്പിറ്റൽ കാഞ്ഞൂർ | രണ്ട് അർദ്ധ വർഷവും |
| സ്റ്റാർ മോഡേൺ റൈസ്മിൽ കാഞ്ഞൂർ | രണ്ട് അർദ്ധ വർഷവും |
| മാവേലി സ്റ്റോർ കാഞ്ഞൂർ | രണ്ട് അർദ്ധ വർഷവും |
| PMM ഹോസ്പിറ്റൽ കാലടി | രണ്ട് അർദ്ധ വർഷവും |
| കിഴക്കും ഭാഗം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | രണ്ട് അർദ്ധ വർഷവും |
| ക്ഷീരോല്പാദക സഹകരണ സംഘം പാറപ്പുറം | രണ്ട് അർദ്ധ വർഷവും |
| പുതിയേടം ക്ഷീരോല്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷവും |

സ്ഥാപന തൊഴിൽനികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി നഷ്ടം 21620/-

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം വസ്തു നികുതി കുറഞ്ഞ നിരക്കിൽ പിരിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) തദ്ദേശസ്വയംഭരണ ( ആർ.ഡി. വകുപ്പിന്റെ 14.01.2011 -ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ നമ്പർ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്റർ വരെയുള്ളതിന് ചതുരശ്രമീറ്ററിന് 50/- രൂപയായും 100 ചതുരശ്രമീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 70/- രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി 100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് 50 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയത്.

| കെട്ടിട നം. | പേര് | വിസ്തീർണ്ണം/ ഉപയോഗം | ഈടാക്കിയത് | ഈടാക്കേണ്ടത് | ബാക്കി |
|---|---|---|---|---|---|
| 2/145 a | ഇ.പി.ബാബുജി s/o പൊന്നപ്പൻ എരുമക്കാട്ടുകുടി (h) ചെങ്ങൽ, കാലടി | 129 m2 / കടമുറി | 5805 m2ന് 50/ രൂപനിരക്കിൽ 10% കുറവ് (11607101656 dtd8/9/2016) | 8127 m2ന് 70/ രൂപനിരക്കിൽ 10% കുറവ് | 2322 |

കുറവായി ഈടാക്കിയ വസ്തുനികുതി 2322/-രൂപ അടിയന്തിരമായി ഈടാക്കേണ്ടതും തദനുസൃതമായി ഡിമാന്റ് ക്രമപ്പെടുത്തേണ്ടതുമാണ്.

2)ആകെ വിസ്തീർണ്ണം പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ കടമുറികൾക്ക് വസ്തുനികുതി ഈടാക്കി:-
വാണിജ്യാവശ്യത്തിനുള്ള കടമുറികൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തൃതി 100 m2 അധികരിച്ചാൽ 100m2 -ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കുന്ന നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1 -ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2 -ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആകെ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.
ഇതുപ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പലമുറികളായി വിഭജിച്ചിട്ടുണ്ടെങ്കിൽ ആയത് ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ശ്രീ. വി.പി. തങ്കച്ചൻ, വരേക്കുളം, കാലടി എന്ന വ്യക്തിയുടെ ആകെ 229.45 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തെയും, ശ്രീമതി. മേരി ജോർജ്ജ്, ഇടശ്ശേരി, കാഞ്ഞൂർ എന്നയാളുടെ പേരിലുള്ള 141.26 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യആവശ്യത്തിനുള്ള കെട്ടിടത്തേയും, ശ്രീ. ഔസേഫ് കെ.എം., കാച്ചപ്പിള്ളി, കാഞ്ഞൂർ എന്ന വ്യക്തിയുടെ 140.14 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തെയും, ശ്രീ. ഡേവിസ് പി.സി., പുളിയ്ക്കൽ, കാഞ്ഞൂർ എന്ന വ്യക്തിയുടെ 254.54 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തെയും വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് 100 ചതുരശ്രമീറ്ററിന് താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരമുള്ള നികുതി നിരക്ക് അനുവദിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

a)

| കെട്ടിട നം. | പേര് | വിസ്തൃതി/ ഉപയോഗം | ഈടാക്കിയത് | ഈടാക്കേണ്ടത് | ബാക്കി |
|---|---|---|---|---|---|
| 2/167 a | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 35.77m2/ കടമുറി | 2147 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101612 dtd 6/9/2016) | 3005(m2-ന് 70/രൂപ +20%വർദ്ധനവ്) | 858 |
| 2/167 b | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 30.73m2/ കടമുറി | 1844 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101613 dtd6/9/2016) | 2581(m2-ന് 70/രൂപ +20%വർദ്ധനവ് | 737 |

| | | | | | |
|---|---|---|---|---|---|
| 2/167 c | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 30.43m2/ കടമുറി | 1826 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101614 dtd6/9/2016) | 2556(m2-ന് 70/രൂപ +20%വർദ്ധനവ് | 730 |
| 2/167 d | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 30.43m2/ കടമുറി | 1826 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101615 dtd6/9/2016) | 2556(m2-ന് 70/രൂപ +20%വർദ്ധനവ് | 730 |
| 2/167 e | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 30.31m2/ കടമുറി | 1819 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101616 dtd6/9/2016) | 2546(m2-ന് 70/രൂപ +20%വർദ്ധനവ് | 729 |
| 2/167 f | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 35.89m2/ കടമുറി | 2154(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101617 dtd 6/9/2016) | 3014(m2-ന് 70/രൂപ +20%വർദ്ധനവ് | 860 |
| 2/167 g | v.p.തങ്കച്ചൻ s/o പാപ്പച്ചൻ വരേക്കുളം(h) ചെങ്ങൽ -കാലടി | 35.89m2/ കടമുറി | 2154(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101618 dtd6/9/2016) | 3014(m2-ന് 70/രൂപ +20%വർദ്ധനവ് | 860 |
| | ആകെ | | | | 5504 |

b)

| | | | | | |
|---|---|---|---|---|---|
| 4/556 a | മേരി ജോർജ്ജ് ഇടശ്ശേരി(h) കാഞ്ഞൂർ | 62.4m2/ കടമുറി | 3744 (m2-ന് 50/രൂപ +20%വർദ്ധനവ്) rtno.11607101483 dtd27/8/2016) | 5242(m2-ന് 70/രൂപ +20%വർദ്ധനവ് | 1498 |
| 4/556 b | മേരി ജോർജ്ജ് ഇടശ്ശേരി(h) കാഞ്ഞൂർ | 54.37m2/ കടമുറി | 3263(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.117070101405 dtd 27/8/2016) | 4567(m2-ന് 70/രൂപ +20%വർദ്ധനവ് | 1304 |
| 4/556 c | മേരി ജോർജ്ജ് ഇടശ്ശേരി(h) കാഞ്ഞൂർ | 24.49m2/ കടമുറി | 1470(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607101484) dtd27/8/2016) | 2057(m2-ന് 70/രൂപ +20%വർദ്ധനവ് | 587 |
| | ആകെ | | | | 3389 |

c)

| | | | | | |
|---|---|---|---|---|---|
| 5/330 a | ഔസേഫ് കെ.എം. കാച്ചപ്പിള്ളി (h) കാഞ്ഞൂർ | 27.26m2/ കടമുറി | 1636 (m2-ന് 50/രൂപ +20%വർദ്ധനവ്) അസസ്സ് ചെയ്ത തീയ്യതി - 29/6/2016 | 2290(m2-ന് 70/രൂപ +20%വർദ്ധനവ് | 654 |

| | | | | | |
|---|---|---|---|---|---|
| 5/330 b | ഔസേഫ് കെ.എം. കാച്ചപ്പിള്ളി (h) കാഞ്ഞൂർ | 45.88m2/ കടമുറി | 2616(m2-ന് 50/രൂപ +20%വർദ്ധനവ്) അസസ്സ് ചെയ്ത തീയ്യതി - 29/6/2016 | 3854(m2-ന് 70/രൂപ +20%വർദ്ധനവ് | 1238 |
| 5/330 c | ഔസേഫ് കെ.എം. കാച്ചപ്പിള്ളി (h) കാഞ്ഞൂർ | 67 m2/ കടമുറി | 3819 (m2-ന് 50/രൂപ +20%വർദ്ധനവ്) അസസ്സ് ചെയ്ത തീയ്യതി - 29/6/2016 | 5628(m2-ന് 70/രൂപ +20%വർദ്ധനവ് | 1809 |
| | ആകെ | | | | 3701 |

d)

| | | | | | |
|---|---|---|---|---|---|
| 11/364 e | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 26.49m2/ കടമുറി | 1511(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607100963 20/6/2016) | 2225(m2-ന് 70/രൂപ +20% വർദ്ധനവ് | 714 |
| 11/364 f | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 40.05m2/ കടമുറി | 2284(m2-ന് 50/രൂപ+20%വർദ്ധനവ്) (rtno.1160710064 dtd20/6/2016) | 3365(m2-ന് 70/രൂപ +20% വർദ്ധനവ് | 1081 |
| 11/364 g | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 47.65m2/ കടമുറി | 2717 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607100965 dtd20/6/2016) | 4003(m2-ന് 70/രൂപ +20%വർദ്ധനവ് | 1286 |
| 11/364 h | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 28.14 m2/ കടമുറി | 1605 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607100966 dtd20/6/2016) | 2364(m2-ന് 70/രൂപ +20% വർദ്ധനവ് | 759 |
| 11/364 i | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 28.12 m2/ കടമുറി | 1604 (m2-ന് 50/രൂപ+20%വർദ്ധനവ്) (rtno.11607100967 dtd20/6/2016) | 2362(m2-ന് 70/രൂപ +20% വർദ്ധനവ് | 758 |
| 11/364 j | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 28.14 m2/ കടമുറി | 1605 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.11607100968 20/6/2016) | 2364(m2-ന് 70/രൂപ +20% വർദ്ധനവ് | 678 |
| 11/364 k | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 28.14 m2/ കടമുറി | 1605 (m2-ന് 50/രൂപ +20%വർദ്ധനവ്) (rtno.1160710960 dtd20/6/2016 | 2364(m2-ന് 70/രൂപ +20%വർദ്ധനവ് | 678 |

| | | | | | |
|---|---|---|---|---|---|
| 11/364 I | ഡേവിസ്.പി.പി പുളിക്കൽ (h) കാഞ്ഞൂർ, മുതലായവർ | 27.81 m2/ കടമുറി | 1586(m2-ന് 50/രൂപ +20%വർദ്ധനവ്) (rtno'11607100970 dtd20/6/2016) | 2336 m2-ന് 70/രൂപ +20% വർദ്ധനവ് | 750 |
| | ആകെ | | | | 6704 |

ഇപ്രകാരം കുറവായി ഈടാക്കിയ വസ്തുനികുതി 21620/-രൂപ (2322+5504+3389+3701+6704) യും , ലൈബ്രറിസെസ്സ് 1081/-രൂപയും അടക്കം ആകെ 22701/- രൂപ, അടിയന്തിരമായി ഈടാക്കേണ്ടതും ഡിമാന്റ് രജിസ്റ്റർ ക്രമപ്പെടുത്തേണ്ടതുമാണ്.

## 2-3 ഡി & ഒ ലൈസൻസ്സ് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഡി &ഒ ലൈസൻസ്സ് നൽകിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1) ഡി &ഒ ലൈസൻസ്സ് നൽകാത്ത സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു.
കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഡി &ഒ ലൈസൻസ്സ് നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.സ്ഥാപനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | അന്ന ആഗ്രോ മിൽസ് പാറപ്പുറം p.o, കാഞ്ഞൂർ,കാലടി |
| ഉടമയുടെ പേര് | E.P ജെയിംസ് ഈട്ടുങ്ങൽ (h),ചെങ്ങൽ ,കാലടി |
| വാർഡ്നം. | 7 |
| ഉപയോഗം | നെല്ല് പുഴുങ്ങി അരിയാക്കി വിൽപ്പന നടത്തുന്നതിന് |

2)

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | തെക്കേക്കര റൈസ്മിൽ |
| ഉടമയുടെ പേര് | T.P.വർഗീസ് തെക്കേക്കര (h),കാഞ്ഞൂർ |
| വാർഡ്നം. | 13 |
| ഉപയോഗം | നെല്ല് പുഴുങ്ങി അരിയാക്കി വിൽപ്പന നടത്തുന്നതിന് |

3)

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | S&S ആഗ്രോ പ്രോഡക്റ്റ്സ് |
| ഉടമയുടെ പേര് | T.P.ജോസ് തെക്കേക്കര (h) കാഞ്ഞൂർ |
| വാർഡ്നം. | 7 |
| ഉപയോഗം | നെല്ല് പുഴുങ്ങി അരിയാക്കി വിൽപ്പന നടത്തുന്നതിന് |

4

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | മേരിമാത റൈസ്മിൽ |
| ഉടമയുടെ പേര് | T.P.ജോസ് തെക്കേക്കര (h),കാഞ്ഞൂർ |
| വാർഡ്നം. | 7 |

| | |
|---|---|
| ഉപയോഗം | നെല്ല് പുഴുങ്ങി അരിയാക്കി വിൽപ്പന നടത്തുന്നതിന് |

പഞ്ചായത്ത്സെക്രട്ടറി പഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടാതിരിക്കാൻ ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കേണ്ട 15,000/- രൂപ സ്ഥാപനങ്ങളിൽ നിന്ന പിരിച്ചു. (4000/-(rtno.11607102104 dtd 7/10/2016) 4000/-(rtno.11507103124 dtd 27/2/2016) 3000/-(rtno.11607102107 dtd 7/10/2016) 4000/-(rtno.11607102109 dtd 7/10/2016) എന്നാൽ ഈ സ്ഥാപനങ്ങൾക്ക് 2016-17 വർഷം ലൈസൻസ്സ് നൽകുകയുണ്ടായില്ല. ഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള നിരാക്ഷേപ പത്രം, FSSAI സർട്ടിഫിക്കറ്റ്, ഫാക്ടറീസ് & ബോയ്‌ലേഴ്സ് ലൈസൻസ്സ്, സാനിറ്ററി സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ ലിസ്റ്റ്, ഹെൽത്ത് കാർഡ് എന്നിവയുടെ അഭാവത്തിലാണ്, ലൈസൻസ്സ് നിരസ്സിക്കപ്പെട്ടത്.എന്നാൽ ലൈസൻസ്സിന്റെ അഭാവത്തിലും സ്ഥാപനം പ്രവർത്തിച്ചുവെന്ന് സ്ഥാപനത്തിനെതിരെ തദ്ദേശ വാസികൾ നൽകിയ പരാതികൾ വ്യക്തമാക്കുന്നു.(ബേബിവർഗീസ് കോളരിക്കൽ, ചെയർമാൻ, മലിനീകരണത്തിനെതിരെയുള്ള വികസനസമിതി തുടങ്ങിയവർ നൽകിയ പരാതികൾ) ലൈസൻസ്സിന്റെ അഭാവത്തിൽ മുകളിൽ പറഞ്ഞ നാല് സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2)രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനത്തിന് ലൈസൻസ്സ് നൽകി

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോളി ഫാമിലി ഹോസ്പിറ്റൽ ചെങ്ങൽ എന്ന സ്ഥാപനത്തിന് 2016-17 ഓഡിറ്റ് വർഷം ഹോസ്പിറ്റൽ രജിസ്ട്രേഷൻ പുതുക്കി നൽകാതെ ലൈസൻസ്സ് നൽകിയിട്ടുണ്ട്.രജിസ്ട്രേഷൻ പുതുക്കിനൽകാത്ത സ്ഥാപനത്തിന് ഡി&ഒ ലൈസൻസ്സ് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

## 2-4 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന വിവരം

I. റസീറ്റ് & പെയ്മെന്റ് അക്കൗണ്ട്

സാംഖ്യ പ്രകാരമുള്ള തൻവർഷത്തെ വസ്തു നികുതി കളക്ഷൻ 1968881/- രൂപയും സഞ്ചയ പ്രകാരമുള്ള കളക്ഷൻ 1926336/- രൂപയുമാണ്. വസ്തു നികുതിയിനത്തിലെ സാംഖ്യ പ്രകാരമുള്ള കുടിശ്ശിക കളക്ഷൻ 1737947/- രൂപയും സഞ്ചയ പ്രകാരമുള്ള കളക്ഷൻ 1692414/- രൂപയുമാണ്.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

സാംഖ്യ പ്രകാരമുള്ള തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് (ഷെഡ്യൂൾ I-1) 4001373/- രൂപയും സഞ്ചയ പ്രകാരമുള്ള ഡിമാന്റ് 4138124/- രൂപയുമാണ്.

തൊഴിൽ നികുതി (ട്രേഡേഴ്സ്) - തൻവർഷത്തെ ഡിമാന്റ് സാംഖ്യ പ്രകാരം 287470/- രൂപയാണ്.(I-1) എന്നാൽ ഡിമാന്റ് രജിസ്റ്റർ ഈയിനം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ നിർവ്വാഹമില്ല. വാടക എ.എഫ്.എസ് ഷെഡ്യൂൾ I-3 പ്രകാരം ഡിമാന്റ് 15040/-രൂപയാണ് എന്നാൽ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ തൻവർഷത്തെ ഡിമാന്റിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

III.ബാലൻസ് ഷീറ്റ്

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തൻവർഷം വാട്ടർ അതോറിറ്റിയിൽ 34,400/- രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ (B-18, RP-47) ഉൾപ്പെടുത്തിയിരിക്കുന്നത് 490200/- രൂപയാണ്. കെ സ് ഇ ബി യിൽ തൻവർഷം 828,064/-രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ (B-18, RP-47) ഉൾപ്പെടുത്തിയിരിക്കുന്നത് 11,88,266/- രൂപയാണ്.പഞ്ചായത്തിൽ ടെണ്ടർ ഫോം വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള 116239/- രൂപയുടെ (RP-5) കൃത്യത ഉറപ്പാക്കാനായില്ല.

2016-17 വർഷം ആർജിച്ച ജംഗമ വസ്തുക്കളുടെ മൂല്യം സ്റ്റോക്ക് എൻട്രി നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കാത്തതിനാൽ B-11 ഷെഡ്യൂളിലെ ജംഗമ വസ്തുക്കളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക B-9 ഷെഡ്യൂളിൽ റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ ബാലൻസ് തുകയായി 10,521,582/- രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദായ നികുതിയിനത്തിൽ 3,36,858/- രൂപയും വില്പന നികുതിയിനത്തിൽ 33,454/-രൂപയും റോയൽറ്റിയിനത്തിൽ 2,40,338/- രൂപയും കെട്ടിട നിർമ്മാണ തൊഴിലാളിയിനത്തിൽ 5,176/-രൂപയും അടച്ചിട്ടില്ല. നാളിതു വരെയും തുക അടവാക്കാത്തതിന്റെ കാരണം

വിശദീകരിച്ചിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക തുക നൽകിയത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | കുടിവെള്ള കിണർ പുനരുദ്ധാരണം (ജനറൽ) |
| പ്രോജക്ട് നമ്പർ | : | S0048/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | വി ഇ ഒ,കാഞ്ഞൂർ |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ഗുണഭോക്താക്കൾക്കും,ഗവ.ജീവനം,വിദേശത്ത് ജോലിയുള്ളവർ എന്നിവർക്ക് സബ്സിഡി നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡിയായി 5000/- രൂപയാണ് നൽകുന്നത്. എന്നാൽ മേൽ പ്രോജക്ടിന്റെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലാണെന്നും, വിദേശത്ത് ജോലിയുള്ള കുടുംബാംഗങ്ങൾ ഗുണഭോക്താവിനൊപ്പം ഉണ്ടെന്നും വ്യക്തമായി.

.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ തീയതി | അഭിപ്രായം | നൽകിയ തുക |
|---|---|---|---|
| ശ്രീമതി മേരി തോമസ്,വട്ടേലി പാറപ്പുറം | 23/16-17,14.02.17 | വിദേശത്ത് ജോലിയുള്ള അംഗങ്ങൾ ഉള്ള കുടുംബം | 5000 |
| ശ്രീമതി ലിസി പോൾ പാറപ്പുറം വീട്,പാറപ്പുറം | 23/16-17,14.02.17 | വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം 1,20,000/-രൂപയാണ് വാർഷിക വരുമാനം | 5000 |
| ആകെ | | | 10,000 |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. മാർഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 10,000/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അവശ്യരേഖകൾ ഇല്ലാതെ വീട് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | വീട് പുനരുദ്ധാരണം (ജനറൽ) |
| പ്രോജക്ട് നമ്പർ | : | 137/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | വി ഇ ഒ,കാഞ്ഞൂർ |
| ഡി ഡി നം. /തീയതി | : | 049710/ 03.10.2016 |
| തുക | : | ₹10,000/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ "വീട് പുനരുദ്ധാരണം (ജനറൽ)" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി മേരി ആന്റണി,കോട്ടയ്ക്കൽ,കാഞ്ഞൂർ എന്നയാൾക്ക് വീടിന്റെ അറ്റകുറ്റപ്പണിക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം നൽകുന്നതിനായി, പ്രസ്തുത ഗുണഭോക്താവിന് വീടിന്റെ അറ്റകുറ്റപ്പണിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകളോ,പുനരുദ്ധാരണം നടത്തുന്ന വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ, 8 വർഷം പഴക്കമുള്ള വീടാണ് എന്നതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അവശ്യരേഖകളില്ലാതെ തന്നെ ഗുണഭോക്താവിന് സാമ്പത്തികാനുകൂല്യങ്ങൾ നൽകിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച

10,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പച്ചക്കറി കൃഷി - ഗ്രോ ബാഗ് വിതരണം ന്യൂനതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S042/17(ജനറൽ)<br>144/17(എസ് സി വനിത) |
| ബിൽ നമ്പർ | 1)06/16-17,31.03.17<br>2)07/16-17,31.03.17<br>3)9/16-17,31.03.17 |
| നൽകിയ തുക | 1)6900/-<br>2)76800/-<br>3)12300/- |

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

.

എ). ഗുണഭോക്താക്കളെ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുക്കാതെ ആനുകൂല്യം വിതരണം ചെയ്തു

മേൽ രണ്ട് പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്നതിനായി തൻവർഷം 1487 ഗ്രോ ബാഗുകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്തതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ 22.02.2017-ലെ 3-(2) നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ വിഹിതം അടയ്ക്കുന്ന മുറയ്ക്ക് നൽകാം എന്നു പറഞ്ഞിരിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുള്ള അധികാരം ഗ്രാമ സഭകളിൽ നിക്ഷിപ്തമാണ്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുക്കപ്പെട്ടതായി കാണുന്നില്ല. ഗ്രാമ സഭയിലൂടെ തെരഞ്ഞെടുപ്പ് നടത്താതെ ആനുകൂല്യം വിതരണം ചെയ്ത നടപടി ക്രമപ്രകാരമല്ല.

ബി).ഗുണഭോക്തൃ വിഹിതം കൃഷി ഭവനിൽ അടച്ചുവെങ്കിലും തുക കേരള അഗ്രോ സർവ്വീസ് കോർപ്പറേഷനിൽ അടച്ചിട്ടില്ല.

പദ്ധതി ചെലവിന്റെ 75% സബ്സിഡിയും ബാക്കി 25% തുക ഗുണഭോക്താക്കൾ നേരിട്ടും ചലവഴിക്കുന്നതും (സർക്കാർ ഉത്തരവ് നം.4/2016 ത.സ്വ.ഭ.വ തീയതി,11.01.2016 അനുബന്ധം.15 ഖണ്ഡിക 3.1 കുറിപ്പ് ക്രമ നം.7 പ്രകാരം) വ്യക്തികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്നതുമായ സംഗതികളിൽ ഉത്പാദനോപാദികളും യന്ത്ര സാമഗ്രികളും നൽകുന്നതിനു മുൻപായി സബ്സിഡി കിഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷി ഭവനിൽ ഒടുക്കിയിരിക്കണം. ഗുണഭോക്തൃ വിഹിതമായി 26100/-രൂപ കൃഷി ഭവനിൽ ഒടുക്കിയെങ്കിലും തുക കേരള അഗ്രോ സർവ്വീസ് കോർപ്പറേഷനിൽ അടച്ചിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പട്ടതിന് മറുപടി ലഭിക്കാത്തതിനാൽ പദ്ധതിക്കായി നടത്തിയ 96,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 പശുവളർത്തൽ-പദ്ധതി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0153/17 |
| പ്രോജക്ടന്റെ പേര് | പശു വളർത്തൽ(പൊതു വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ,കാഞ്ഞൂർ |
| ചെലവ് തുക | 30,000 |
| ബിൽ നമ്പർ/തീയതി | 08/16-17/31.03.2017 |

ഗ്രാമപഞ്ചായത്തിൽ പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും അതിന് വേണ്ടതായ സൗകര്യങ്ങൾ ഉള്ളവർക്കും പശുവിനെ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. 15,000/-രൂപ സബ്സിഡിയിനത്തിൽ ഓരോ ഗുണഭോക്താവിനും നൽകുന്നു. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. ഗ്രാമപഞ്ചായത്തിന്റെ പർച്ചേയ്സ് കമ്മിറ്റി നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് 7 പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചല്ല പ്രോജക്ട് നടപ്പാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി. എന്നിരുന്നാലും

15,000/-രൂപ വീതം സബ്സിഡിയായി രണ്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ മാർഗ നിർദ്ദേങ്ങൾ പാലിച്ച് കൊണ്ടാണ് പ്രവൃത്തി ചെയ്തതെന്ന് വിശദീകരിച്ചു. എന്നാൽ പർച്ചേസ് കമ്മിറ്റി ഏത് തീയതിലാണ് ചേർന്നത് സംബന്ധിച്ച വിവരമോ പർച്ചേസ് കമ്മിറ്റിയുടെ മിനിട്സോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഓരോ ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 30,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

.

## 3-5 വനിതകൾക്ക് ആട്ടിൻ കുട്ടി വിതരണം-പദ്ധതി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0050/17 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് ആട്ടിൻ കുട്ടി വിതരണം(പൊതു വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ,കാഞ്ഞൂർ |
| ചെലവ് തുക | 1,34,000 |
| ബിൽ നമ്പർ/തീയതി | 1)05/16-17/14.03.2017-54,000<br>2)07/16-17/31.03.17-80,000 |

ഗ്രാമപഞ്ചായത്തിൽ പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും അതിന് വേണ്ടതായ സൗകര്യങ്ങൾ ഉള്ള വനിതകൾക്കും ആട്ടിൻ കുട്ടികളെ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. 6,000/-രൂപ സബ്സിഡിയിനത്തിൽ ഓരോ ഗുണഭോക്താവിനും നൽകുന്നു. അതനുസരിച്ച് ബിജു എ കെ,അമ്പാട്ട് വീട്,തിരുമാറാടി എന്നയാളിൽ നിന്നും ആട്ടിൻ കുട്ടികളെ വാങ്ങിയിട്ടുണ്ട്. എന്നാൽ ടിയാനുമായി കരാർ വയ്ക്കുകയോ,അംഗീകൃത സ്ഥാപനമാണെന്ന് ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ആട്ടിൻ കുട്ടികൾക്ക് വാക്സിനേഷൻ നൽകിയതിന്റെ വിവരവും ഫയലിൽ ഇല്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം ആട്ടിൻ കുട്ടികളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. ഗ്രാമപഞ്ചായത്തിന്റെ പർച്ചേയ്സ് കമ്മിറ്റി നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് 7 പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം. തൊഴുത്ത് നിർമ്മാണം ,തീറ്റയുടെ ചെലവ്,ഇൻഷ്വറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാകാൻ പാടില്ല. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചല്ല പദ്ധതി നടത്തിയത്. ഇതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ മാർഗ നിർദ്ദേങ്ങൾ പാലിച്ച് കൊണ്ടാണ് പ്രവർത്തി ചെയ്തതെന്ന് വിശദീകരിച്ചു. എന്നാൽ പർച്ചേസ് കമ്മിറ്റി ഏത് തീയതിലാണ് ചേർന്നത് സംബന്ധിച്ച വിവരമോ ,പർച്ചേസ് കമ്മിറ്റിയുടെ മിനിട്സോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഓരോ ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരവും പർച്ചേസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 1,34,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 നെൽകൃഷി വികസനം-സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S038/17 |
| ബിൽ നമ്പർ | 13/16-17,31.03.17 |
| നൽകിയ തുക | 56592/- |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണിത്. തൻവർഷം നെൽകൃഷി കൂലിചെലവിനായി 56592/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം നെൽകൃഷി വികസനത്തിനായി പദ്ധതി ആവിഷ്കരിക്കുമ്പോൾ വിള ഇൻഷ്വറൻസ് കർഷകരെ കൊണ്ട് എടുപ്പിക്കേണ്ടതും അടങ്കലിന്റെ 50% ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തേണ്ടതുമാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ

പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രമിക്കേണ്ടതാണ്.

## 3-7 സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 188 സ്ട്രീറ്റ് ടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ പ്രതിമാസം 82,250/- രൂപ വീതം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) 2242/2011/തസ്വഭവ തീയതി 28.09.2011 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തിക്കുന്ന ടാപ്പുകൾക്കുള്ള വെള്ളക്കരം തന്നെയാണ് അടവാക്കുന്നത് എന്ന് ഉറപ്പില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അർഹമായ തുക തന്നെയാണ് വെള്ളക്കരമിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പൊതു കിണർ പുനരുദ്ധാരണം എന്ന പ്രോജക്ട് തൻ വർഷം നടപ്പാക്കിയതിന്റെ പ്രാദേശിക പരിശോധനയിൽ പൊതു കിണറുകളോട് ചേർന്ന് വാട്ടർ ടാപ്പുകൾ കാണുവാൻ കഴിഞ്ഞു. ആയതിനാൽ ഇത്തരം ടാപ്പുകൾ ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും,തനതു വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്തായതിനാൽ മേൽ ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതുമാണ്.

## 3-8 അങ്കണവാടികളിൽ വിതരണം ചെയ്ത ഭക്ഷ്യമിശ്രിതം ഗുണ നിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0030/17 |
| പ്രോജക്ടിന്റെ പേര് | പൂരകപോഷകാഹാര പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് |
| ചെക്ക് /ഡി ഡി നമ്പർ/തീയതി | ചെലവ് തുക |
| 050294/28.12.2016 | 96,664 |
| 2327061/08.03.2017 | 187522 |
| 1562342/25.01.2017 | 31796 |
| SBI,Nedumbassery (Account number-67068549228) | 19026 |
| ആകെ | 335008 |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്ക് ടി.എച്ച്.ആർ.എസ് മിശ്രിതം (അമൃതം) നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഈയിനത്തിൽ 335008/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. സാമൂഹിക ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്.ബി 3-312/2010,തീയതി 18.12.2010 കത്തിൽ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കർശനമായും അംഗീകൃത ലാബോറട്ടറികളിൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്ന ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭ്യമായ ഭക്ഷ്യമിശ്രിതത്തിന്റെ വില ആയത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നെടുമ്പാശ്ശേരി കുടുംബശ്രീ യൂണിറ്റിന്റെ അമൃതം ന്യൂട്രിമിക്സ് സാമ്പിൾ അംഗീകൃത അനലറ്റിക്കൽ ലാബിൽ പരിശോധിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. എന്നിട്ടും ഇതേ ഭക്ഷ്യമിശ്രിതം തന്നെ അങ്കണവാടികളിൽ വിതരണം ചെയ്തത് ശരിയായ നടപടിയല്ല.

ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ അംഗീകൃത അനലറ്റിക്കൽ ലാബിൽ പരിശോധിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യേണ്ടതാണ്.

## 3-9 പൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം തനത്ഫണ്ടിൽ ശേഷിക്കുന്നു.

2016-17 ൽ പൂരകപോഷകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച 4,50,000/- രൂപയിൽ 2,18,302/- രൂപ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു. പൂരകപോഷകാഹാര പദ്ധതിക്ക് മതിയായ ഫണ്ട് ലഭ്യമാകുന്ന സാഹചര്യമാണെങ്കിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര സഹായം ഉപയോഗിക്കാമെന്ന് 3.9.10 ലെ 39033/DD2/2010 തസ്വഭവ ഉത്തരവ് പ്രകാരം അനുമതി ഉണ്ട്. 6 അംഗൻവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല.
പൂരകപോഷകാഹാര പദ്ധതിക്ക് ലഭിച്ച ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര സഹായം ഉപയോഗ പ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ഭവന നിർമ്മാണം പൂർത്തീകരിക്കാതെ തുക നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഭവന നിർമ്മാണം (ജനറൽ) |
| പ്രോജക്റ്റ് നമ്പർ | : | 140/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | വി ഇ ഒ,കാഞ്ഞൂർ |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്.സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)362/13 തദ്ദേശ സ്വയം ഭരണ വകുപ്പ് തീയതി 16.11.2013 സബ്സിഡി മാർഗരേഖ പ്രകാരം കരാറിൽ ഏർപ്പെട്ടു കഴിഞ്ഞാൽ 10% (തുടർന്ന് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) തറപ്പണി കഴിഞ്ഞാൽ 30%,ചുമർപ്പണി കഴിഞ്ഞാൽ 30%,മേൽക്കൂര നിർമ്മിച്ചാൽ 20% മുഴുവൻ പണികളും പൂർത്തീകരിച്ചാൽ 10% എന്ന രീതിയിലാണ് തുക നൽകേണ്ടത്. എന്നാൽ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാതെ തന്നെ മുഴുവൻ തുകയും നൽകിയിട്ടുണ്ട് എന്ന് വ്യക്തമായി.

| ഗുണഭോക്താവിന്റെ പേര് | ഡി ഡി നമ്പർ/ തീയതി | നൽകിയ തുക |
|---|---|---|
| ശ്രീമതി സബീന റാഫി, കാണായാംകുടത്ത്,ടി എൻ പുരം പാറപ്പുറം | 1.074600/23.03.16<br>2.049721/03.10.16<br>3.051087/19.12.16 | 80,000<br>60,000<br>60,000 |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച ശേഷം നിർവ്വഹണോദ്യോഗസ്ഥരുടെ കൃത്യമായ മോണിട്ടറിംഗിന് വിധേയമായി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

.

## 3-11 മുഴുവൻ തുകയുടെയും മരുന്ന് ലഭിച്ചില്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0026/17 |
| പ്രോജക്ടന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, കാഞ്ഞൂർ |
| തുക | 1)2,00,000/-<br>2)1,40,000/- |

| | |
|---|---|
| ബിൽ നമ്പർ | 1)05/16-17,<br>24.01.2017<br>2)07/16-17,<br>24.03.2017 |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,പാതിരപ്പിള്ളി,ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 3,40,000/-രൂപ നൽകുകയും ചെയ്തു. എന്നാൽ 1,63,376/-രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 176,624/-രൂപയുടെ മരുന്ന് ഇതു വരെയും ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0028/17 |
| പ്രോജക്ടന്റെ പേര് | മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് സി ,കാഞ്ഞൂർ |
| തുക | 75,000/- |
| ബിൽ നമ്പർ | 09/16-17,28.03.2017 |

ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 75,000/-രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 27,743/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 47,257/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകളിലെയും മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-12 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നം. S0045/2017) തൻവർഷം വികസന ഫണ്ടിൽ നിന്നും 562,500/- രൂപ (ബിൽനം. 1/2016-17/ 18.02.2017) പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 6250/- രൂപ പ്രകാരം 90 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമാണ് ടി തുക. സംസ്ഥാന വിഹിതം ഉറപ്പാക്കി തെരഞ്ഞെടുത്ത ക്ഷീരസംഘം മുഖേന കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരവും, പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരവും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

.

## 3-13 പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങി നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0028/17 |
| ബിൽ നമ്പർ/തീയതി | 09/16-17,28.03.17 |
| നൽകിയ തുക | 75,000 |

2016-17 സാമ്പത്തിക വർഷം മാനസിക രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി കാഞ്ഞൂർ പി എച്ച് സിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. മാനസിക രോഗികൾക്ക് ആവശ്യമായ OLANZAPINE(10 മി.ഗ്രാം) ഗുളിക 3500 എണ്ണം ഇൻവോയ്സ് നമ്പർ 1038/14.06.17 പ്രകാരം കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ആശുപത്രിയ്ക്ക് ലഭിച്ചതായി ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പി എച്ച് സിയിൽ ലഭിച്ച ഇൻവോയ്സിൽ മരുന്നിന്റെ കാലാവധി തീരുന്ന മാസമായി കാണിച്ചിട്ടുള്ളത് 12/2017 ആണ്. മരുന്ന് ഉപയോഗിക്കുന്നതിന്റെ കാലാവധി തീരുവാൻ 6 മാസം മാത്രം അവശേഷിക്കേ,ഇത്ര ഗുരുതരമായ അസുഖങ്ങൾക്ക്

ഉപയോഗിക്കുന്നവ വാങ്ങിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ കാലാവധി കഴിയാറായ മരുന്നുകൾ മാറ്റി നൽകിയിട്ടുണ്ട് എന്നറിയിച്ചു. കൂടാതെ ഇതിന്റെ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും വിശദീകരിച്ചു. ഇത്തരത്തിലുള്ള മരുന്നുകൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-14 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 29 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ 9 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 8/17 | ജനകീയഭവനപദ്ധതി-ഇ.എം.എസ്.ലോൺ തിരിച്ചടവ് | 129210 | 129210 |
| 17/17 | ടെക്നിക്കൽ അസി.ഹോണറേറിയം | 168750 | 162500 |
| 18/17 | ഇ.എം.എസ്.ലോൺതിരിച്ചടവ് | 296893 | 296893 |
| 129/17 | എസ്.എസ്.എ.വിഹിതം | 200000 | 200000 |
| 147/17 | ഐ.കെ.എം.വിഹിതം | 65000 | 63398 |
| 151/17 | സ്ട്രീറ്റ് മെയിൻ വലിക്കലും,ലൈറ്റ് സ്ഥാപിക്കലും | 843000 | 822263 |
| 180/17 | സ്ട്രീറ്റ് മെയിൻ വലിക്കലും,ലൈറ്റ് സ്ഥാപിക്കലും-ഘട്ടംരണ്ട് | 700000 | 308075 |
| 199/17 | സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തന ഫണ്ട് | 340000 | 340000 |
| 200/17 | ജലനിധിപഞ്ചായത്ത് വിഹിതം | 1000000 | 1000000 |
| | ആകെ | 5545524 | 3322339 |

അങ്കണവാടി വൈദ്യുതീകരണം, മാലിന്യസംസ്കരണത്തിന് സ്ഥലം വാങ്ങൽ തുടങ്ങിയ അടിസ്ഥാന സൗകര്യമൊരുക്കൽ ,പി.എച്ച്.സി നവീകരണം പോലുള്ള പശ്ചാത്തല സൗകര്യ വികസനം പോലുള്ള പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വേൾഡ് ബാങ്ക് വിഹിതമായി 900000രൂപ,ധനകാര്യകമ്മീഷൻ ഗ്രാന്റ് 2132101 രൂപ, പ്ലാൻ ഫണ്ട് വിഹിതം 907942രൂപ എന്നിങ്ങനെ നീക്കിവെച്ചിരുന്നെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലെ ആകെ ചെലവിന്റെ 30% ജലനിധി പഞ്ചായത്ത് വിഹിതം അടവാക്കാനാണ് ഉപയോഗിച്ചത്. തനതുവരുമാനം വളരെ കുറവും, അടിസ്ഥാന സൗകര്യവികസനം അത്യാവശ്യവുമായ പഞ്ചായത്തിൽ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് അത്യാവശ്യമായ പദ്ധതികൾ പോലും നടപ്പിലാക്കിയിട്ടില്ല. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 നിഷ്ക്രിയമായി തുടരുന്ന പകൽ വീടുകൾ

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ രണ്ട് പകൽവീടുകളാണ് ഉള്ളത്,അവ വാർഡ് 11ലെ ഐ.ച്ച്.ഡി.പി കോളനിയിലും,15-ാം വാർഡിലെ ഹെർബർട്ട് കോളനിയിലുമാണ് സ്ഥിതി ചെയ്യുന്നത്. 2009-2010 ,2010-2011 വർഷങ്ങളിലായി പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടെങ്കിലും പകൽവീടുകൾ നാളിതു വരെയും പ്രവർത്തിച്ചിട്ടില്ല. സാധാരണക്കാരായ പട്ടിക വിഭാഗക്കാർ തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് പകൽവീട് വയോധികർക്ക് വളരെയധികം പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. എന്നാൽ കെട്ടിട നിർമ്മാണം,അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കിയെങ്കിലും വർഷങ്ങളായി ഈ കെട്ടിങ്ങൾ അടച്ചിട്ടിരിക്കുകയാണ്. ടി കെട്ടിങ്ങളുടെ കസ്റ്റോഡിയൻ സെക്രട്ടറിയാണ്.കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഡ് നം | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 2009-10 | 15 | 8,65,000 | 5,33,661 |
| 2010-2011 | 15 | 3,31,339 | 2,90,306 |
| 2010-2011 | 11 | 5,86,073 | 5,85,986 |
| 2010-2011 | 11 | 1കോടി രൂപ കോളനി നവീകരണം പദ്ധതിയിൽ ഉൾപെടുത്തി ചെയ്ത പ്രവർത്തികളുടെ ചെലവ് വിവരം ലഭ്യമല്ല. | |

.എസ്.സി വികസന ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ നിഷ്ക്രിയങ്ങളായി തുടരുന്നത് അഭികാമ്യമല്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒൻപത് അങ്കണവാടികൾ ഗ്രാമപഞ്ചായത്തിലുള്ളപ്പോഴാണ് സൗകര്യപ്രദമായ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നത്. പകൽ വീടുകൾ പ്രോജക്ട് തയ്യാറാക്കി പ്രയോജനപ്പെടുത്താൻ നടപടി കൈക്കൊള്ളേണ്ടതാണ്. കെട്ടിടത്തിൽ നിലവിലുള്ള ഫർണിച്ചറുകൾ നശിച്ചുപോകാതെ സൂക്ഷിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,30,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,30,000 | - |
| ജില്ലാപഞ്ചായത്ത് | 2016-17 | 1,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം |
|---|---|---|---|---|
| 151/17 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 822263 | കെ.എസ്. ഇ.ബി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 180/17 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 308075 | കെ.എസ്.ഇ ബി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | ആകെ | 1130338 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക

ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | അനുവദിച്ച വായ്പ തുക | പിൻ വലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | ജി.ഒ(ആർ.ടി) 849/2010 /തസ്വഭവ തീ. 12.03.2010 | 1,06,63,500 | 24,22,500 | 1337571 | 4,26,103 | 0 | 911468 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1997-98 | | | അദ്ധ്യായം IV 7(64) Page no.56 | 65,018/- | | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 28 | 2003-04 | അദ്ധ്യായം III 7(9)1 Page no.71 | 2,03,000 | സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് സെറ്റ് തുടങ്ങിയവ വാങ്ങിയതിലെ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 33 | 2003-04 | അദ്ധ്യായം III 7(9)1 Page no.72 | 50,000 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- അഡ്വാൻസ് കൈപ്പറ്റി പണിയൊന്നും ചെയ്യാത്തത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35427827 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31426734 |
| വരവിനങ്ങളിലുള്ള നഷ്ടം | 21620 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 270000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 21620 | | ശ്രീമതി.രാജലക്ഷ്മി,സെക്രട്ടറി |
| 3-1 | | 10000 | ശ്രീ.ഹർഷാദ് വി കെ,<br>വി. ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,000 | ശ്രീ.ഹർഷാദ് വി കെ,വി.ഇ.ഒ,കാഞ്ഞൂർ |
| 3-3 | 96,000 | ശ്രീ.ബോബൻ പോൾ,കൃഷി ഓഫീസർ |
| 3-4 | 30,000 | ഡോ.ഹേന കൃഷ്ണ,വെറ്ററിനറി സർജൻ |
| 3-5 | 1,34,000 | ഡോ.ഹേന കൃഷ്ണ,വെറ്ററിനറി സർജൻ |
| ആകെ | 2,70,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 1081 (ലൈബ്രറി സെസ്സ്) | ശ്രീമതി.രാജലക്ഷ്മി,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി രാജലക്ഷമി, സെക്രട്ടറി | വിരമിച്ചു | പ്ലോട്ട് നം.21,ജഡ്ജസ് അവന്യൂ,കലൂർ,കൊച്ചി |
| ഡോ.ഹേന കൃഷ്ണ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | ഇളമനം,,വെസ്റ്റ് കടുങ്ങല്ലൂർ, ആലുവ |
| ബോബൻ പോൾ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | കുഴിപ്പിള്ളിക്കര,പിറമാടം, 686667 |
| ഹർഷാദ് വി കെ,<br>വി ഇ ഒ | വി ഇ ഒ,കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | വാലായംകുന്നിൽ,വെസ്റ്റ് വെളിയത്തുനാട്, ആലങ്ങാട്,ആലുവ |

.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | കുറിപ്പുകൾ |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-4)586/05/ | |
| 1997-98 | എൽ.എഫ്.ഇ.(പി-4)589/00/27.10.2000 | |
| 1998-99 (ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 | |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി-4)578/05/31.03.2006 | |
| 1999-00, 2001-02 (ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ | |
| 2000-01 | എൽ.എഫ്.ഇ(പി-4)1390/06/23.10.2007 | |
| 2001-02 (വരവ്) | എൽ.എഫ്.ഇ(പി-4)1391/06/23.10.2007 | |
| 2002-03 | എൽ.എഫ്.ഇ(പി-4)592എ/10/16.06.2011 | |
| 2003-04 | എൽ.എഫ്.ഇ(പി-4)592/10/16.06.2011 | |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 | |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 | |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 | |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 | |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 | |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 | |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 | |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.13)2176/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 29.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

No.K.S.A.-EKM(P13) 2176/17

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,

E-mail : lfadekm@gmail.com
Dated: 29.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kanjoor Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kanjoor Gramapanchayat for the year 2016-17 except the observations in para 2-4 of my audit report properly presents the picture of income and expenditure.

.
Deputy Director